# കേരള സംസ്ഥാന സഹകരണ സംഘം രജിസ്ട്രാറുടെ ഉത്തരവ്

വി (2) 30050/2016 തിരുവനന്തപുരം, തീയതി : 07.07.2016

വിഷയം : സഹകരണ വകുപ്പ് - വിജിലൻസ് - തിരു കൊച്ചി അഗ്രികൾച്ചറൽ പ്രൊഡക്ഷൻ പ്രോസസ്സിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ ഇ. 1279, ക്രമക്കേടുകൾ - ഉദ്യോഗസ്ഥരെ സർവീസിൽ നിന്നും സസ്പെൻഡ് ചെയ്ത് ഉത്തരവാകുന്നു.

പരാമർശം :
1) എറണാകുളം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ന്റെ 05.07.2016 ലെ എച്ച്.എം. 8357/15 നമ്പർ കത്ത്.
2) എറണാകുളം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ന്റെ 07.07.2016 ലെ എച്ച്.എം. 8357/15 നമ്പർ കത്ത്.
3) സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ എം.പി (3) സെക്ഷന്റെ 07.07.2016 ലെ 28936/16 -ാം നമ്പർ യു.ഒ. നോട്ട്.

എറണാകുളം സഹകരണ സംഘം ജോയിന്റ് രജിസ്ട്രാറുടെ നിയന്ത്രണത്തിൽ ഇ. 1279 -ാം നമ്പർ തിരു കൊച്ചി അഗ്രികൾച്ചറൽ പ്രൊഡക്ഷൻ പ്രോസസ്സിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം എന്ന പേരിൽ രജിസ്റ്റർ ചെയ്യപ്പെട്ട സംഘത്തിന്റ രജിസ്ട്രേഷൻ നടപടികൾ യഥാവിധി പൂർത്തിയാക്കാതെയും, സംഘത്തിന്റെ ഭരണസമിതി തെരഞ്ഞെടുപ്പ് നിയമാനുസരണം നടത്തി തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി അധികാരമേൽക്കുന്നതിനു മുൻപായി തന്നെ ടി സംഘത്തിന്റെ ആഭിമുഖ്യത്തിൽ വിൽപ്പന കേന്ദ്രങ്ങൾ തുടങ്ങുന്നതിനുള്ള അപേക്ഷയും, തസ്തികകൾ അനുവദിക്കുന്നതിനുള്ള അപേക്ഷയും പരിഗണിച്ച് ജോയിന്റ് രജിസ്ട്രാറുടെ 28.07.2015 ലെ എച്ച്.എം/6610/15/കെഡിസ് നമ്പർ ഉത്തരവ് പ്രകാരം സെക്രട്ടറി തസ്തികയും, കേഡർ തസ്തികയും അനുവദിച്ച് നൽകുകയും സംഘം നടത്തുവാൻ ഉദ്ദേശിക്കുന്ന സ്റ്റാളുകളിലും, സ്റ്റോറുകളിലും ദിവസവേതന അടിസ്ഥാനത്തിൽ പ്രവർത്തനം നടത്തുന്നതിന് 6 മാസത്തെ പ്രവർത്തനം വിലയിരുത്തി തസ്തികകൾക്ക് അപേക്ഷിക്കുന്നതിന് ജോയിന്റ് രജിസ്ട്രാർ അനുവാദം നൽകിയിരിക്കുന്നു. . ആയതിന്റെ അടിസ്ഥാനത്തിൽ ടി സംഘംഭരണസമിതി പത്രപരസ്യം വഴി 1101 തസ്തികകളിലേക്ക് നിയമനം നടത്തുന്നതിന് വിജ്ഞാപനം പുറപ്പെടുവിച്ച് അപേക്ഷ ക്ഷണിച്ചു കൊണ്ട് 31.07.2015 -ൽ പത്രപരസ്യം നൽകിയിരുന്നതായി ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഈ ആഫീസിലെ 17.09.2015 ലെ എം.പി (4) 41968/15 നമ്പർ കത്ത് പ്രകാരം എറണാകുളം സഹകരണ സംഘം

ജോയിന്റ് രജിസ്ട്രാറോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഇക്കാര്യത്തിൽ റിപ്പോർട്ടുകൾ യഥാസമയം ആഫീസിൽ ലഭിച്ചിട്ടില്ല.

സൂചന (3) പ്രകാരം ലഭ്യമായ റിപ്പോർട്ട് പരിശോധിച്ചതിൽ ഇ- 1279 -ാം നമ്പർ തിരു കൊച്ചി അഗ്രികൾച്ചറൽ പ്രൊഡക്ഷൻ പ്രോസസ്സിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘത്തിന്റെ പ്രവർത്തന സാധ്യതകൾ വിലയിരുത്താതെ സംഘം രജിസ്ട്രേഷൻ നടത്തുകയും സംഘത്തിന്റെ രജിസ്ട്രേഷൻ നടപടികൾ നിയമപ്രകാരം പൂർത്തിയാക്കാതെ സംഘത്തിന്റെ ഭരണസമിതി തിരഞ്ഞെടുപ്പ് നിയമാനുസരണം നടത്തുന്നതിന് മുമ്പായി സംഘത്തിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുക്കാതെ തസ്തികകൾ അനുവദിച്ചും, താൽകാലിക തസ്കികകൾക്ക് അനുവാദം നൽകിയതായും ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. സംഘം രജിസ്ട്രേഷൻ മുതലുള്ള നടപടികൾ നിയമാനുസരണം നിർവഹിക്കുന്നതിൽ ഗുരുതരമായ വീഴ്ചയും, ക്രമക്കേടും, അശ്രദ്ധയും ഉണ്ടായതായി ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ആയതിന് ഉത്തരവാദികളായ ചുവടെ പറയുന്ന ഉദ്യോഗസ്ഥരെ സർവീസൽ നിന്നും അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്ത് കൊണ്ട് ഉത്തരവാകുന്നു.

1. കെ. സുഷമ
   അസിസ്റ്റന്റ് ഡയറക്ടർ/കൺകറന്റ് ആഡിറ്റർ
   കടങ്ങല്ലൂർ സർവ്വീസ് സഹകരണ ബാങ്ക്.
2. സി.കെ.സാബു
   സ്പെഷ്യൽ ഗ്രേഡ് ആഡിറ്റർ 'എ' യൂണീറ്റ്
   അസിസ്റ്റന്റ് ഡയറക്ടർ ആഫീസ്
   കൊച്ചി.
3. കെ.എ.രജിത
   ജൂനിയർ ഇൻസ്പെക്ടർ/അക്കൗണ്ടന്റ്
   എറണാകുളം പോലീസ് ഹൗസിംഗ് സൊസൈറ്റി.

സസ്പെൻഷൻ കാലയളവിൽ കേരള സിവിൽ സർവീസ് റൂൾസ് പാർട്ട് I ചട്ടം 155 പ്രകാരം ഉപജീവനബത്തക്ക് ടിയാളുകൾക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

എസ്. ലളിതാംബിക ഐ.എ.എസ്.
സഹകരണ സംഘം രജിസ്ട്രാർ

വ്യക്തികൾക്ക്:

1. കെ. സുഷമ
   അസിസ്റ്റന്റ് ഡയറക്ടർ/കൺകറന്റ് ആഡിറ്റർ
   കടങ്ങല്ലൂർ സർവ്വീസ് സഹകരണ ബാങ്ക്.

2. സി.കെ.സാബു

സ്പെഷ്യൽ ഗ്രേഡ് ആഡിറ്റർ 'എ' യൂണീറ്റ്

അസിസ്റ്റന്റ് ഡയറക്ടർ ആഫീസ്

കൊച്ചി.

3. കെ.എ.രജിത

ജൂനിയർ ഇൻസ്പെക്ടർ/അക്കൗണ്ടന്റ്

എറണാകുളം പോലീസ് ഹൗസിംഗ് സൊസൈറ്റി.

പകർപ്പ് :

1. സെക്രട്ടറി
സഹകരണ വകുപ്പ്
സെക്രട്ടറിയേറ്റ്, തിരുവനന്തപുരം ( ഉപരിപത്രം സഹിതം)
2. സഹകരണ ആഡിറ്റ് ഡയറക്ടർ
വികാസ്ഭവൻ, തിരുവനന്തപുരം. ( ഉപരിപത്രം സഹിതം)
3. ജോയിന്റ് രജിസ്ട്രാർ (ജനറൽ)
എറണാകുളം.
4. ജോയിന്റ് ഡയറക്ടർ (ആഡിറ്റ്)
എറണാകുളം.
5. അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്)
കൊച്ചി.
6. അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)
കണയന്നൂർ.
7. ഇ.ബി/ഇ.എ സെക്ഷൻ
8. പ്രസിഡന്റ്, എറണാകുളം പോലീസ് ഹൗസിംഗ് സൊസൈറ്റി, എറണാകുളം.
9. സ്റ്റോക്ക് ഫയൽ / സ്പെയർ